**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1651** **05-07-2022 - ൽ മറുപടിയ്ക്ക്**

**അഗ്രോ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ട് കേരളത്തിൽ എത്ര അഗ്രോ പാർക്കുകളാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ട് കേരളത്തിൽ അഞ്ച് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ എത്ര അഗ്രോ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വ്യാപാര കേന്ദ്രത്തിലും, കൂത്താളിയിലെ ജില്ല കൃഷിത്തോട്ടത്തിലുമായി രണ്ട് നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെയ്കോ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരത്തിന് വിധേയമായി പദ്ധതി നടപ്പാക്കുന്നതാണ്. |
| (സി) | കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷി ഫാമിൽ കോക്കനട്ട് അഗ്രോപാർക്ക് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ അഗ്രോ പാർക്കിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (സി) | കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വ്യാപാര കേന്ദ്രത്തിലും, കൂത്താളിയിലെ ജില്ല കൃഷിത്തോട്ടത്തിലുമായി രണ്ട് നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെയ്കോ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരത്തിന് വിധേയമായി പദ്ധതി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ